28/12/21..

03/12/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 739(6)/2021 എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.6498/എസ്.ഐ.സി-ജി 5/2021)

സന്നിഹിതൻ

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. കെ.കെ. നാസർ,
C.C. 4/462 B (New No. 4/1911),
ചെറളായിക്കടവ് ദേശം,
മട്ടാഞ്ചേരി, എറണാകുളം. — അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജൂനിയർ സൂപ്രണ്ട് (എൽ.ആർ), താലൂക്ക് ഓഫീസ്, കൊച്ചി.
2. അപ്പീൽ അധികാരി & തഹസീൽദാർ (ഭൂരേഖ), കൊച്ചി.

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 25/02/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 15/03/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 23/03/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 13/04/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 25/05/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 24/06/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 27/07/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 01/09/2021 |
| ഹിയറിംഗ് തീയതി & ആസ്ഥാനം | 17/11/2021<br>ടൗൺ ഹാൾ, എറണാകുളം |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായില്ല<br>ഹാജരായി |

RIGHT TO INFORMATION

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.കെ. നാസർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് തെറ്റായതും വഴിതെറ്റിക്കുന്നതുമായ വിവരങ്ങളാണ് ഒന്നാം എതിർകക്ഷി നൽകിയതെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും ടിയാന് ഉണ്ടായ കഷ്ടനഷ്ടങ്ങൾക്കും മാനസിക പ്രയാസത്തിനും ഫയലുകൾ നിഗൂഢമായി വച്ചു കൊണ്ട് തെറ്റായ മറുപടി നൽകിയതിനും ടിയാന് നഷ്ടപരിഹാരം ലഭ്യമാകുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 25.02.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) കൊച്ചി താലൂക്കിൽ നിന്നും ബി1-17/2006 നമ്പർ റിപ്പോർട്ട് കൊച്ചി താലൂക്ക് തഹസീൽദാർ തയ്യാറാക്കിയിട്ടുണ്ടോ എന്നും

2) കൊച്ചി താലൂക്ക് തഹസീൽദാർ 22.02.2007 ൽ ബഹു. എറണാകുളം ജില്ലാ കളക്ടർക്ക് ബി 1-17/2006-ാം നമ്പരായി അയച്ച റിപ്പോർട്ടിലെ വിഷയമെന്തെന്നും

3) കൊച്ചി താലൂക്കിൽ നിന്നും ബി 1-17/2006-ാം നമ്പരായി കൊച്ചി താലൂക്ക് തഹസീൽദാർ തയ്യാറാക്കിയ റിപ്പോർട്ട് ആരുടെയെന്നും അവരുടെ പേരും മേൽവിലാസവും നൽകുക എന്നിങ്ങനെ 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. ഹർജിക്കാരന്റെ 25.02.2021 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 15.03.2020 ൽ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ 23.03.2021 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ടി അപ്പീൽ 13.04.2021 ൽ ഉത്തരവായിട്ടുള്ളതുമാണ്.

4. രണ്ടാം എതിർകക്ഷി 12.08.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് 15.03.2021 ൽ മറുപടി നൽകിയിട്ടുള്ളതാണെന്നും ടി മറുപടിയിൽ

ലഭ്യമാക്കേണ്ട വിവരങ്ങൾ നൽകാതെ വിവരങ്ങൽ നിഗൂഢമായി വെയ്ക്കുക യാണ് എന്ന് ആരോപിച്ചാണ് ടിയാൻ അപ്പീൽ സമർപ്പിച്ചതെന്നും ടി അപ്പീൽ അപേക്ഷ തീർപ്പാക്കുന്നതിലേക്ക് 09.04.2021 ൽ അപേക്ഷകനെ നേരിൽ കേട്ട് മൊഴി രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും അപേക്ഷയിൽ പരാമർശിക്കുന്ന ഫയൽ ബന്ധപ്പെട്ട സെക്ഷനിൽ ഒന്നു കൂടി വിശദമായി പരിശോധിച്ച് ഫയൽ ലഭ്യമാക്കി 1 മുതൽ 5 വരെയുള്ള വിവരങ്ങൾ നിയമാനുസൃതമായ ഫീസ് അട ക്കുന്ന മുറയ്ക്ക് നൽകുവാൻ എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകി 13.04.2021 ൽ അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നും 27.07.2021 ൽ കമ്മീഷനിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് 03.08.2021 ൽ എസ്.പി.ഐ.ഒ യിൽ നിന്നും റിപ്പോർട്ട് ആവ ശ്യപ്പെട്ടതിൻ പ്രകാരം നൽകിയ റിപ്പോർട്ടിൽ ബി1/17/2006 നമ്പർ ഫയലുമായി ബന്ധപ്പെട്ട വിവരങ്ങളാണ് അപേക്ഷകൻ ആവശ്യപ്പെട്ടിരുന്നതെന്നും ടി ഫയൽ 2006, 2007 എന്നീ വർഷങ്ങളിലെ തൻപതിവേടിൽ ചേർത്തിട്ടില്ലായെന്നും നില വിലെ എൽ1, എൽ2 സെക്ഷനിലെ ചാർജ്ജ് രജിസ്റ്റർ പരിശോധിച്ചതിലും, റെക്കോർഡിൽ വിശദമായ തിരച്ചിൽ നടത്തിയതിലും ലഭ്യമാകാത്തതിനെ തുടർന്നാണ് അപേക്ഷകന് ഫയൽ ലഭ്യമല്ല എന്ന മറുപടി നൽകിയതെന്നും, പിന്നീട് അപ്പീൽ നടപടി ക്രമത്തിലെ നിർദ്ദേശമനുസരിച്ച് സെക്ഷനിലും റെക്കോർഡ് റൂമിലും വിശദമായ പരിശോധന നടത്തിയതിൽ അപേക്ഷകൻ 2018 ൽ സമർപ്പിച്ച RTI/289/18/B നമ്പർ ഫയൽ റിക്കാർഡിൽ നിന്ന് ലഭ്യമാക്കിയ തിന്റെ അടിസ്ഥാനത്തിലാണ് ടി RTI യുടെ ബാക്ക് ഫയൽ ആയി ബി1-17/2007 നമ്പർ ഫയൽ ലഭ്യമാക്കിയതെന്നും ആയത് 15.03.2008 ൽ കെ.ഡിസ് ആയി തീർപ്പാക്കിയിട്ടുള്ളതാണെന്നും ടി RTI പ്രകാരം ബി1-17/2007 ഫയലിലെ നോട്ട് ഫയൽ ഉൾപ്പെടെയുള്ള പകർപ്പുകൾ അപേക്ഷകന് നൽകിയിട്ടുള്ളതാണെന്നും എന്നാൽ അപേക്ഷകൻ തെറ്റായി ബി1-17/2006 എന്നാണ് സൂചിപ്പിക്കുന്നതെന്നും 16.07.2021 ൽ ഫയൽ ലഭ്യമായെന്ന് കാണിച്ച് അപേക്ഷകന് കത്തും ആവശ്യപ്പെട്ട പകർപ്പുകളും നൽകിയിട്ടുള്ളതാണെന്നുമാണ് എസ്.പി.ഐ.ഒ യുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. അപ്പീൽ അപേക്ഷയിൽ ഹർജിക്കാരൻ പരാമർശിക്കുന്ന തര ത്തിൽ എസ്.പി.ഐ.ഒ യും ബന്ധപ്പെട്ട സെക്ഷനുകളും ചേർന്ന് ടി വിഷയ ത്തിൽ നിന്നും ഒഴിഞ്ഞുമാറി ഫയൽ നിഗൂഢമായി വച്ചിട്ടില്ലെന്നും അപേക്ഷകൻ

ആവശ്യപ്പെട്ട വിവരങ്ങൽ നിഷേധിക്കുന്ന തരത്തിൽ നടപടികൾ ഉണ്ടായിട്ടില്ലെന്നും റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും രണ്ടാം എതിർകക്ഷി 12.08.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിലും ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ 16.07.2021 ൽ ലഭ്യമാക്കിയിട്ടുള്ളതായി കാണുന്നു. 17.11.2021 ൽ കമ്മീഷൻ എറണാകുളം ടൗൺ ഹാളിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഹർജിക്കാരൻ പങ്കെടുക്കുകയോ പങ്കെടുക്കാതിരുന്നതിനുള്ള കാരണമോ വ്യക്തമാക്കിയിരുന്നില്ല. ഹിയറിംഗിൽ ഒന്നാം എതിർകകഷി ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് ബി 1-17/2006 നമ്പർ ഫയലുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. എന്നാൽ ഹർജിക്കാരനുമായി നേരിൽ സംസാരിച്ചതിന്റെ അടിസ്ഥാനത്തിലാണ് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ബി 1-17/2007 ഫയലുമായി ബന്ധപ്പെട്ടതാണെന്ന് അറിഞ്ഞതെന്നും ആയത് പ്രകാരം ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ 16.07.2021 ൽ ഹർജിക്കാരന് നൽകിയിട്ടുള്ളതാണെന്നുമാണ് ഒന്നാം എതിർകക്ഷി ഹിയറിംഗിൽ മൊഴി നൽകിയത്. 16.07.2021 ലെ ഒന്നാം എതിർകക്ഷിയുടെ കത്ത് പ്രകാരം ഹർജിക്കാരന് വിവരമെല്ലാം ലഭ്യമാക്കിയെന്ന ടിയാന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 ഡിസംബർ മാസം 3-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm

RIGHT TO INFORMATION